ഉത്തരം

(എ) പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന മൈക്രോ ബയോളജിക്കൽ ലബോറട്ടറിയിൽ ജീവാണുവളങ്ങൾ ഉല്പാദിപ്പിച്ചു വരുന്നു.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 7·83 ലക്ഷം രൂപ വില വരുന്ന മൈക്രോ പശുവനൈസർ, ഫെർമെന്റർ, ലാമിനാ ഫ്ളോ ചേമ്പർ, ഓട്ടോമാറ്റിക് മിക്സർ, ഡബിൾ ഡിസ്റ്റിലേഷൻ യൂണിറ്റ് തുടങ്ങിയ വിവിധ ആധുനിക ഉപകരണങ്ങൾ ലബോറട്ടറിയിലേയ്ക്ക് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖാന്തിരം സപ്ലൈ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പഴം, പച്ചക്കറി എന്നിവയുടെ സംസ്ഥാനത്തെ ഉൽപ്പാദനം

16 [1940] ശ്രീ. സി. പി. നാരായണൻ:
ശ്രീമതി എൻ. കെ. രാധ:
ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം, പച്ചക്കറി എന്നിവയുടെ സംസ്ഥാനത്തെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പഴത്തിന്റേയും പച്ചക്കറിയുടേയും ലഭ്യത ഉറപ്പുവരുത്തുന്നതിനും, വിലനിലവാരം പിടിച്ചു നിർത്തുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(സി) ഇക്കാര്യത്തിൽ ഹോർട്ടികൾച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഗുണനിലവാരമുള്ള പഴവും പച്ചക്കറിയും മിതമായ വിലയ്ക്ക് പൊതുജനങ്ങളിലെത്തിക്കുന്നതിന് പ്രസ്തുത കോർപ്പറേഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) യൂറോപ്യൻ എക്കണോമിക് കമ്മ്യൂണിറ്റിയുടെ സഹായത്തോടെ 131·4 കോടി രൂപ ചിലവു വരുന്ന കേരള ഹോർട്ടികൾച്ചറൽ വികസന പദ്ധതി നടപ്പാക്കിവരുന്നു. മേൻമയേറിയ പച്ചക്കറി വിത്തുകൾ കൃഷിക്കാർക്ക് ലഭ്യമാക്കാൻവേണ്ടി ഒരു പച്ചക്കറി വിത്തുൽപ്പാദന പദ്ധതിയും, ശാസ്ത്രീയ രീതിയിൽ കൃഷി ചെയ്യുന്നതിന് കൃഷിക്കാർക്ക് പരിശീലന പരിപാടിയും കൃഷി സംബന്ധമായ സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിനുവേണ്ടി ഒരു ഗവേഷണ പദ്ധതിയും നടപ്പാക്കിവരുന്നു. കൂടാതെ പഴം, പച്ചക്കറി എന്നിവയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് സംസ്ഥാന പദ്ധതിപ്രകാരവും, 100 ശതമാനം കേന്ദ്ര സഹായത്തോടെയും താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കിവരുന്നു.

1. പച്ചക്കറി കൃഷി വികസന പദ്ധതി
2. ഫലവർഗ്ഗ വികസന പദ്ധതി
3. ഉഷ്ണമേഖലാ ഫലവർഗ്ഗ വികസന പദ്ധതി
4. ഗ്രാമപ്രദേശങ്ങളിൽ പോഷകത്തോട്ട നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 52 ഇനം പഴം-പച്ചക്കറികളും ഗുണനിലവാരം ഉറപ്പാക്കി മിതമായ വിലയ്ക്ക് തിരുവനന്തപുരത്തെ ഹരിത സ്റ്റോറുകളും വഴി വർഷം മുഴുവൻ വിതരണം ചെയ്യുന്ന പ്രകിയ കഴിഞ്ഞ ഏതാനും വർഷങ്ങളായി തുടർന്നുവരുന്നു. കൂടാതെ ഉൽസവകാലങ്ങളിൽ ലഭ്യത ഉറപ്പു വരുത്തുന്നതിനും, വില നിലവാരം പിടിച്ചു നിർത്തുന്നതിനുമായി സംസ്ഥാന കൃഷിവകുപ്പ് ഓണക്കാല പച്ചക്കറി ചന്തകളും എല്ലാ ജില്ലകളിലും നടത്തിവരുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) തിരുവനന്തപുരത്ത് കോർപ്പറേഷന്റെ നേരിട്ടുള്ളതും ഏജൻസി വ്യവസ്ഥയിലുള്ളതുമായ 15 ചില്ലറ വിൽപ്പനശാലകളും ദിവസേന 5 ടണ്ണോളം ഗുണനിലവാരമുള്ള പഴം, പച്ചക്കറികളും മിതമായ വിലയ്ക്ക് വിറ്റുവരുന്നു.

കുരുമുളകിന് ടെക്നോളജി മിഷൻ സ്ഥാപിച്ചതിന് ലഭിച്ച കേന്ദ്ര സഹായം

17 [1941] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരുമുളകിന് ഒരു ടെക്നോളജി മിഷൻ സ്ഥാപിക്കുന്നതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു തുകയാണ് ലഭിച്ചത്?

ഉത്തരം

(എ, ബി) ഇതിലേക്കായി 218.23 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്.

ഔഷധ-സുഗന്ധ ചെടികളും നട്ടുവളർത്തൽ പദ്ധതി

18 [1943] ശ്രീ. എ. യൂനുസ്കുഞ്ഞ്:
,, കല്ലടി മുഹമ്മദ്:
,, നാലകത്ത് സൂപ്പി:
,, കെ. കുട്ടി അഹമ്മദ്കുട്ടി:
,, കെ. കെ. അബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധമൂല്യമുള്ളതും അരോമാറ്റിക്കായിട്ടുള്ളതുമായ ചെടികളും നട്ടുവളർത്തുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ധന സഹായം ലഭിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) നാളിതുവരെ ഈ പദ്ധതിക്കുവേണ്ടി എത്ര തുക ചെലവാക്കി;

(ഡി) ഇത് കേരളത്തിന്റെ എല്ലാ പ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly